(ബി) പദ്ധതി നടപ്പാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഓടയം എന്ന സ്ഥലത്ത് ചെമ്മീൻ ഹാച്ചറി സ്ഥാപിക്കുന്നതിനായി 2.32 ഹെക്ടർ സ്ഥലം 21.3.96, 14.1.97 26.2.99 എന്നീ തീയതികളിലായി 'അഡാക്ക്' ഏറ്റെടുക്കുകയുണ്ടായി.

(ബി) കുവൈറ്റ് ഫണ്ടിന്റെ ധനസഹായത്തോടെ വിദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടുകൂടി, ഹാച്ചറി സ്ഥാപിക്കുവാനാണ് ഉദ്ദേശമിട്ടിരിക്കുന്നത്. എന്നാൽ 31.3.98-ൽ കുവൈറ്റ് പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ തദ്ദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

10 (424) കൊയിലാണ്ടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ സർവേയ്ക്ക് തുക അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) സർവേ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

11 (425) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്കേറിയങ്ങൾ

ശ്രീ. തന്നാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര അക്കേറിയങ്ങൾ പ്രവർത്തിച്ചുവരുന്നു;

(ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽപ്പെട്ട നെയ്യാർഡാമിൽ ആരംഭിച്ച അക്കേറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly